"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് 2025-26- "Kerala Responsible Tourism Mission Society Projects 2025-26 - Training" – എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.262/2025/TSM തീയതി,തിരുവനന്തപുരം, 07-05-2025

---

പരാമർശം:-

1. സ.ഉ (കൈ) നം.03/2019/ടൂറിസം, തീയതി 30-05-2019.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 07-04-2025 തീയതിയിലെ DOT/1013/2025-P7 നമ്പർ കത്ത്.
3. 22-04-2025 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

**<u>ഉത്തരവ്</u>**

ഉത്തരവാദിത്ത വിനോദസഞ്ചാര പരിപാടികളുടെ വിജയത്തിന് ശാസ്ത്രീയമായ പരിശീലന പരിപാടികൾ അനിവാര്യമായതിനാലും, ഇത്തരം പരിശീലനങ്ങൾ സ്വാഭാവികമായും വിനോദ സഞ്ചാര പരിപാടികളുടെ നിലവാരമുയർത്തുന്നവ ആയതിനാലും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന പരിശീലന പ്രവർത്തനങ്ങൾ നടത്തുന്നതിനായി, "Kerala Responsible Tourism Mission Society Projects 2025-26 - Training" എന്ന പദ്ധതിയ്ക്ക് ₹ 75,00,000/- (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

(2). പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് (രൂപ) |
|---|---|---|
| 1 | ഡിജിറ്റൽ മാർക്കറ്റിങ്ങും നിർമ്മിത ബുദ്ധിയും ടൂറിസം മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശീലനം | 3,58,000/- |
| 2 | പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ 50 ജനപ്രതിനിധികൾക്ക് വിവിധ ഉത്തരവാദിത്ത ടൂറിസം പദ്ധതികളെക്കുറിച്ചുള്ള പരിശീലനം. | 3,58,000/- |
| 3 | ഇന്റർവെൽ സ്കൂൾ & കോളേജ് തല ശിൽപശാല | 1,00,000/- |

| | | |
|---|---|---|
| 4 | 'Immersive Indigenous Experiences in Kerala: Responsible Tourism with FOREST POST' | 1,00,000/- |
| 5 | കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി പരിശീലന കേന്ദ്രം | 4,50,000/- |
| 6 | വിവിധ പരിശീലനങ്ങൾ<br><br>a) ഹോം സ്റ്റേ, ഫാം/ അഗ്രി ടൂറിസം, സർവ്വീസ്ഡ് വില്ല , ഗൃഹസ്ഥലി , മറ്റ് അക്കോമഡേഷൻ യൂണിറ്റുകൾ<br><br>b) കമ്മ്യൂണിറ്റി ടൂർ ലീഡർ<br><br>c) എത്തിക് ക്യൂസീൻ | 7,53,200/- |
| 7 | ഉത്തരവാദിത്ത ടൂറിസം : ഡിജിറ്റൽ പരിശീലന പരിപാടി (വീഡിയോകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടി) | 53,80,800/ |
| **ആകെ തുക**<br><br>**എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം** | | **75,00,000/-** |

(3). 22-04-2025 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും, പദ്ധതി പ്രൊപ്പോസൽ ചില നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തു.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "Kerala Responsible Tourism Mission Society Projects 2025-26 - Training" – എന്ന പദ്ധതിയ്ക്ക്, ചുവടെ ചേർക്കുന്ന നിബന്ധനയ്ക്ക് വിധേയമായി നടപ്പ സാമ്പത്തിക വർഷത്തെ 3452-80-104-89-Responsible Tourism (Plan) എന്ന ശീർഷകത്തിൽ നിന്നും ₹ 75,00,000/- (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

**The Director, Tourism Department will initiate action for issuing orders for standardizing training expenditure.**

(5). പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ, തിരുവനന്തപുരം
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
പി.ഐ. ഇ.എം. വകുപ്പ്
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/110/2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 07-05-2025 13:27:33

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.